൩൧൭
1/2/18

കേരള സർക്കാർ

<u>സംഗ്രഹം</u>

വനം-വന്യജീവി വകുപ്പ്- കണ്ണൂർ ഡിവിഷനിൽ കൊട്ടിയൂർ ഫോറസ്റ്റ് റെയിഞ്ചിന്റെ പരിധിയിലുള്ള കരിശുമല ഭാഗത്തെ അനധികൃത റോഡ് നിർമ്മാണം- ശ്രീ.ടി.ആർ.അശോക് കുമാർ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർക്കെ (റിട്ട)തിരെയുള്ള അച്ചടക്ക നടപടി-കുറ്റവിമുക്തനാക്കി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

**വനം വന്യജീവി (എ) വകുപ്പ്**

സ.ഉ. (സാധാ) നം.63/2018/വനം തീയതി, തിരുവനന്തപുരം, 03.02.2018

പരാമർശം:-
1) 27.07.2012 ലെ 7816/എ 1/2012/വനം നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും.
2) 15.10.2012 തീയതിയായി ശ്രീ.ടി.ആർ.അശോക് കുമാർ, റെയിഞ്ച് ഓഫീസർ സമർപ്പിച്ച പ്രതിവാദ പത്രിക.
3) 11.02.2013, 11.10.2013 എന്നീ തീയതികളിലെ ഡി&പി വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ബി1-4682/12 നമ്പർ കത്തുകൾ.
4) 20.01.2014 ലെ സ.ഉ.(സാധാ) നം.29/2014/വനം ഉത്തരവ്.
5) 26.10.2015 ലെ 138/എ 1/15/വനം നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
6) 08.01.2016, 20.06.2016 എന്നീ തീയതികളിലായി ശ്രീ.ടി.ആർ.അശോക് കുമാർ സമർപ്പിച്ച വിശദീകരണം.
7) 18.03.2015, 27.03.2016, 10.11.2017 എന്നീ തീയതികളിലെ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ബി1-4682/12 നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

കണ്ണൂർ ഡിവിഷനിൽ കൊട്ടിയൂർ ഫോറസ്റ്റ് റെയിഞ്ചിന്റെ പരിധിയിലുള്ള കരിശുമല ഭാഗത്ത് അനധികൃതമായി റോഡ് നിർമ്മാണം നടന്നതുമായി ബന്ധപ്പെട്ട് അന്നത്തെ കൊട്ടിയൂർ റെയിഞ്ച് ഓഫീസറായിരുന്ന ശ്രീ.ടി.ആർ.അശോക് കുമാറിന് പരാമർശം (1) പ്രകാരം കുറ്റപത്രവും കുറ്റാരോപണ പത്രികയും നൽകി.

2) ടിയാനെതിരെയുള്ള കുറ്റാരോപണങ്ങൾ താഴെ ചേർക്കുന്നു.

(i) സർക്കാർ വനത്തിലൂടെ അനധികൃത റോഡ് നിർമ്മാണം തുടങ്ങിയതിന് ശേഷവും ടിയാൻ സംഭവസ്ഥലം ഉൾപ്പെടെയുള്ള ഭാഗങ്ങൾ പരിശോധന നടത്തിയിട്ടും പ്രസ്തുത അനധികൃത റോഡ് നിർമ്മാണം തടയുകയോ, യഥാസമയം കേസ് എടുക്കുകയോ ചെയ്യാതെ ഗുരുതര കൃത്യവിലോപം കാട്ടി.

(ii) അനധികൃത റോഡ് നിർമ്മാണത്തിന് ഉപയോഗിച്ച പണിയായുധങ്ങൾ കണ്ടെടുക്കുകയോ, ആയതിനെ സംബന്ധിച്ച് കൂടുതൽ അന്വേഷണം നടത്തുകയോ ചെയ്യാതെ, റോഡ് നിർമ്മാണം ന്യായീകരിക്കുന്ന രീതിയിൽ ടിയാൻ നിലപാട് എടുത്ത് സർക്കാർ താൽപ്പര്യം സംരക്ഷിക്കുന്നതിൽ ഗുരുതരമായ വീഴ്ച വരുത്തി.

(iii) റെയിഞ്ചിന്റെ പൂർണ്ണ നിയന്ത്രണാധികാരിയെന്ന നിലയിൽ ടിയാനിൽ അർപ്പിതമായ ചുമതല നിറവേറ്റുന്നതിൽ ഗുരുതരമായ വീഴ്ച വരുത്തിയത് മൂലം 1960 ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങൾ ലംഘിച്ചു.

3) കുറ്റപത്രത്തിന് ശ്രീ.ടി.ആർ.അശോക് കുമാർ പരാമർശം (2) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഡി&പി) പരാമർശം (3) പ്രകാരം അഭിപ്രായം അറിയിച്ചു.

4) ഈ വിഷയത്തിൽ കൂടുതൽ തെളിവുകൾ ശേഖരിക്കുന്നതിനും കുറ്റാരോപിതന് തന്റെ നിരപരാധിത്വം തെളിയിക്കാൻ ഒരു അവസരം നൽകുന്നതിനുമായി ഒരു ഔപചാരികാന്വേഷണം നടത്താൻ പരാമർശം (4) പ്രകാരം ഉത്തരവായി. ശ്രീ.ടി.ആർ.അശോക് കുമാറിനെതിരെയുള്ള മൂന്ന് ചാർജ്ജുകളും നിലനിൽക്കുന്നതല്ലായെന്ന് പ്രസ്തുത അന്വേഷണത്തിൽ കണ്ടെത്തി.

5) ഔപചാരികാന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലുകളോട് യോജിക്കുന്നില്ലായെന്ന് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) അറിയിച്ചതിനെ തുടർന്ന് ശ്രീ.ടി.ആർ.അശോക് കുമാറിന്റെ പ്രതിമാസ പെൻഷനിൽ നിന്നും 300/- രൂപ (മുന്നൂറു രൂപ മാത്രം) മൂന്നു വർഷത്തേയ്ക്ക് കെ.എസ്.ആർ.ഭാഗം മൂന്നിലെ ചട്ടം 3 പ്രകാരം കുറവുചെയ്യാൻ തീരുമാനിക്കുകയും പരാമർശം (5) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ചെയ്തു. കാരണം കാണിക്കൽ നോട്ടീസിന് ശ്രീ.ടി.ആർ.അശോക് കുമാർ പരാമർശം (6) പ്രകാരം സമർപ്പിച്ച വിശദീകരണത്തിന്മേൽ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) പരാമർശം (7) ലെ 27.08.2016, 10.11.2017 എന്നീ തീയതികളിലെ കത്തുകൾ പ്രകാരം അഭിപ്രായം അറിയിച്ചു.

6) സ്വാഭാവിക നീതി ഉറപ്പ് വരുത്തുന്നതിന്റെ ഭാഗമായി ശ്രീ.ടി.ആർ.അശോക് കുമാറിനെ 27.01.2017 ൽ നേരിൽ കേൾക്കുകയുണ്ടായി. കണ്ണൂർ വനം ഡിവിഷനിൽ കൊട്ടിയൂർ റെയിഞ്ചിന്റെ ഇരിട്ടി സെക്ഷൻ

പരിധിയിലുള്ള കുരിശുമല ഭാഗത്ത് വനത്തിലൂടെ സഞ്ചരിക്കുന്നത് അപകട സാധ്യതയുള്ളതിനാൽ, സ്കൂൾ കുട്ടികൾ പോകുന്ന വഴി സഞ്ചാര യോഗ്യമാക്കി യെടുക്കുവാൻ ശ്രമം നടന്നു. യന്ത്രസാമഗ്രികളോ വലിയ വാഹനങ്ങളോ ഉപയോഗിച്ച് റോഡ് നിർമ്മാണം നടന്നിട്ടില്ലെങ്കിലും മണ്ണും, കല്ലും ഇട്ടു തറ നിരപ്പാക്കിയും അടിക്കാട് വെട്ടിയും സഞ്ചാരയോഗ്യമാക്കാൻ ശ്രമിച്ചിട്ടുണ്ട്. പ്രസ്തുത പ്രവർത്തി നിയമലംഘനം ആകയാൽ അനധികൃത നിർമ്മാണം ശ്രദ്ധയിൽപ്പെട്ടപ്പോൾ കുറ്റാരോപിതർക്കെതിരെ നിയമപ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ചിട്ടുമുണ്ട് എന്നും ടിയാൻ നേരിൽ കേട്ടപ്പോൾ അറിയിച്ചു.

7) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ശ്രീ.റ്റി.ആർ.അശോക് കുമാർ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ (റിട്ട) സർക്കാർ താൽപ്പര്യം സംരക്ഷിക്കുന്നതിന് ശ്രമിച്ചിട്ടുണ്ടെന്ന് ബോധ്യപ്പെടുന്നതിനാലും ഈ വിഷയത്തിൽ സർക്കാർ നഷ്ടം ഉണ്ടായതായി റിപ്പോർട്ട് ചെയ്യപ്പെടാത്തതിനാലും ടിയാനെ കുറ്റവിമുക്തനാക്കി പരാമർശം (2) പ്രകാരം ആരംഭിച്ച അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
അജിത് കെ ജോസഫ്
ജോയിന്റ് സെക്രട്ടറി

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്(ഭരണം)
ശ്രീ.ടി.ആർ.അശോക് കുമാർ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ (റിട്ട)
(അഡീഷണൽ പ്രിൻസിപ്പൽ ചീഫ്
കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
വിവര സാങ്കേതിക വകുപ്പ് (വെബ് & ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ